# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 29.10.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1). റോസ്ഗാർ മേളയുടെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് 51,000 യുവജനങ്ങൾക്ക് വീഡിയോ കോൺഫറൻസിലൂടെ നിയമനപത്രം കൈമാറും. തിരുവനന്തപുരത്തും, കൊച്ചിയിലും നടക്കുന്ന പരിപാടിയിൽ കേന്ദ്രമന്ത്രിമാർ പങ്കെടുക്കും.

**Prime Minister Narendra Modi will distribute more than 51 thousand appointment letters to newly appointed youth in various government departments and organizations via video conferencing during the Rozgar Mela today.**

2). കാസർകോട് നീലേശ്വരത്ത് കളിയാട്ട മഹോത്സവത്തിനിടെ വെടിക്കെട്ട് പുരയിൽ വൻ തീപിടുത്തം. 150-ലേറെ പേർക്ക് പരിക്ക്.

**A huge fire broke out during the firework display in the Kaliyattam festival in Kasaragod, Nileswaram. More than 150 people were injured.**

3). ഇന്ന് ഒൻപതാമത് ദേശീയ ആയുർവേദ ദിനം. ദിനാചരണത്തോടനുബന്ധിച്ച് ആരോഗ്യ മേഖലയിലെ 12,850 കോടി രൂപയുടെ പദ്ധതികൾക്ക് പ്രധാനമന്ത്രി തുടക്കം കുറിക്കും.

**Today is the 9th National Ayurveda Day. On the occasion, The Prime Minister will inaugurate projects worth Rs 12,850 crore in the field of health.**

4). വ്യാജ അക്കൗണ്ടുകൾ വഴിയുള്ള അനധികൃത ഡിജിറ്റൽ പേയ്മെന്റ് ഇടപാടുകൾക്കെതിരെ ജാഗ്രത പുലർത്തണമെന്ന് മുന്നറിയിപ്പ് നൽകി കേന്ദ്ര ആഭ്യന്തര മന്ത്രാലയം.

**The Indian Cybercrime Coordination Center has issued an alert against illegal payment gateways created using mule bank accounts by transnational organized cybercriminals facilitating money laundering as a service.**

5). കേരളത്തിലെ ഉപതിരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന പൂർത്തിയായി. പ്രചാരണം സജീവമാക്കി മുന്നണികൾ.

**Scrutiny of nomination papers for Kerala by-elections has been completed. The campaigns are in full swing.**

6). അഹമ്മദാബാദിൽ നടക്കുന്ന ഇന്ത്യ-ന്യൂസിലൻഡ് വനിതാ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം ഇന്ന്.

**Today is the final match of the India-New Zealand Women's ODI cricket series in Ahmedabad.**

**************************************************

## PM – ROZGAR MELA

കേന്ദ്ര സർക്കാർ ജോലികളിൽ നിയമിതരാകുന്ന

51,000 യുവജനങ്ങൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് വീഡിയോ കോൺഫറൻസിലൂടെ നിയമനപത്രം കൈമാറും. രാജ്യത്തെ 40 കേന്ദ്രങ്ങളിലാണ് റോസ്ഗാർ മേള സംഘടിപ്പിക്കുന്നത്.

തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനൊപ്പം രാഷ്ട്രനിർമ്മാണത്തിൽ ഭാഗഭാക്കാകാൻ യുവാക്കൾക്ക് അവസരങ്ങൾ നൽകുകയാണ് മേളയുടെ ലക്ഷ്യം. തിരുവനന്തപുരത്തെ രാജീവ് ഗാന്ധി സെൻറർ ഫോർ ബയോടെക്നോളജിയിൽ രാവിലെ നടക്കുന്ന റോസ്ഗാർ മേളയിൽ കേന്ദ്രമന്ത്രി ചിരാഗ് പാസ്വാൻ പങ്കെടുക്കും. കൊച്ചിയിൽ നടക്കുന്ന പരിപാടിയിൽ കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി നിയമനപത്രം കൈമാറും.

**************************************************

## KASARGODE

കാസർഗോഡ് നീലേശ്വരം അഞ്ഞൂറ്റമ്പലം വീരർകാവ് തെയ്യം കെട്ട് മഹോൽസവത്തിനിടെ വെടിപ്പുരയ്ക്ക് തീ പിടിച്ച് 150-ലേറെ പേർക്ക് പരിക്കേറ്റു. അർദ്ധരാത്രിയോടെയാണ് അപകടം നടന്നത്. പരിക്കേറ്റവരെ കാഞ്ഞങ്ങാട്ടെ സ്വകാര്യ ആശുപത്രിയിലും കാസർഗോഡ് ജില്ലാ ആശുപത്രിയിലും ഉൾപ്പെടെ പ്രവേശിപ്പിച്ചു. നൂറോളം പേരാണ് കാസർകോട്, കണ്ണൂർ, കോഴിക്കോട് ജില്ലകളിലെ വിവിധ ആശുപത്രികളിൽ ചികിത്സയിലുള്ളത്. ഗുരുതരമായി പരിക്കേറ്റവരെ മംഗളുരുവിലേക്കും മാറ്റിയിട്ടുണ്ട്. വെടി പൊട്ടിക്കുന്നതിനിടെ വെടിപ്പുരയിലേക്ക് തീപ്പൊരി തെറിച്ച് വീണാണ് അപകട ഉണ്ടായതെന്നാണ് പ്രാഥമിക വിവരം.

*****************************************************

## AYURVEDA DAY

ഇന്ന് ഒൻമ്പതാമത് ദേശീയ ആയുർവേദ ദിനം. ഇന്ത്യയുടെ പരമ്പരാഗത ചികിത്സാ സമ്പ്രദായമാണ് ആയുർവേദം. ആയുർവേദ തത്വങ്ങൾ, ഔഷധ സസ്യങ്ങൾ, ജീവിതശൈലി രീതികൾ എന്നിവയെക്കുറിച്ച് അവബോധം വളർത്തുന്നതിനാണ് 2016 മുതൽ എല്ലാ വർഷവും ധന്വന്തരി ജയന്തി എന്ന പേരിൽ ആയുർവേദ ദിനം ആചരിക്കുന്നത്. "ആഗോള ആരോഗ്യത്തിനായി ആയുർവേദത്തിലെ നൂതന മാറ്റം" എന്നതാണ് ഈ വർഷത്തെ പ്രമേയം. 150-ലധികം രാജ്യങ്ങൾ ഈ വർഷത്തെ ആഘോഷങ്ങളിൽ പങ്കുചേരുന്നുണ്ട്. ദിനാചരണത്തോടനുബന്ധിച്ച് ഡൽഹി എയിംസിൽ നടക്കുന്ന പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് വീഡിയോ കോൺഫറൻസിങ് വഴി പങ്കെടുക്കും.

**************************************************

## PM DHANVANTARI JAYANTI

ധന്വന്തരി ജയന്തി ദിനത്തോടനുബന്ധിച്ച് ആരോഗ്യ മേഖലയിലെ 12,850 കോടി രൂപയുടെ പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് തുടക്കം കുറിക്കും. രാജ്യത്തെ 70 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ പൗരന്മാർക്കും ആയുഷ്മാൻ ഭാരത് പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജനയിലൂടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്ന സുപ്രധാന പദ്ധതിയും പ്രധാനമന്ത്രി ഉദ്ഘാടനം നിർവഹിക്കും. വരുമാനം പരിഗണിക്കാതെ എല്ലാ മുതിർന്ന പൗരന്മാരിലേക്കും ആരോഗ്യ പരിരക്ഷ വ്യാപിപ്പിക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. രാജ്യത്തെ ആദ്യ ഓൾ ഇന്ത്യ ആയുർവേദ ഇൻസ്റ്റിറ്റ്യൂട്ടിൻറെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കും പ്രധാനമന്ത്രി ഇന്ന് തറക്കല്ലിടും.

**************************************************

## INDIA SPAIN MOU – (INTRO)

റെയിൽ ഗതാഗതം, കസ്റ്റംസ്, നിക്ഷേപം തുടങ്ങി വിവിധ മേഖലകളിലെ സഹകരണത്തിന് ഇന്ത്യയും സ്പെയിനും ധാരണാപത്രങ്ങളിൽ ഒപ്പുവച്ചു. വഡോദരയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയും സ്പെയിൻ പ്രധാനമന്ത്രി പെദ്രോ സാഞ്ചസും തമ്മിലുള്ള ഉഭയകക്ഷി, പ്രതിനിധി തല ചർച്ചകൾക്ക് ശേഷമാണ് ധാരണാപത്രങ്ങളിൽ ഒപ്പുവച്ചത്. ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ചും പരസ്പര താൽപ്പര്യമുള്ള ആഗോളവിഷയങ്ങളെ സംബന്ധിച്ചും ഇരു നേതാക്കളും വിശദമായ ചർച്ച നടത്തിയതായി വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ഇന്ത്യയും സ്പെയിനും തമ്മിലുള്ള ഉഭയകക്ഷി വ്യാപാരം 10 ബില്യൺ ഡോളറിലെത്തിയതായും മന്ത്രാലയം വ്യക്തമാക്കി.

സ്പാനിഷ് പ്രധാനമന്ത്രിയുടെ സന്ദർശനം ഇരുരാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി ബന്ധം കൂടുതൽ ശക്തിപ്പെടുത്തുമെന്ന് പ്രധാനമന്ത്രി പറഞ്ഞു.

**(ഹോൾഡ് വോയിസ്....)**

**************************************************

## HOME MINISTRY – CYBER CRIME

കള്ളപ്പണം വെളുപ്പിക്കുന്നതിനായി സൈബർ കുറ്റവാളികൾ ,മ്യൂൾ ബാങ്ക് അക്കൗണ്ടുകൾ ഉപയോഗിച്ച് സൃഷ്ടിക്കുന്ന അനധികൃത പണമിടപാടുകൾക്കുമെതിരെ, ഇന്ത്യൻ സൈബർ ക്രൈം കോർഡിനേഷൻ സെന്റർ മുന്നറിയിപ്പ് നൽകി. ഗുജറാത്ത് പോലീസും ആന്ധ്രാപ്രദേശ് പോലീസും അടുത്തിടെ നടത്തിയ രാജ്യവ്യാപക റെയ്ഡുകളിലാണ് വ്യാജ അക്കൗണ്ടുകൾ ഉപയോഗിച്ച് അനധികൃത ഡിജിറ്റൽ പേയ്മെന്റ് ഇടപാടുകൾ നടത്തിയതായി കണ്ടെത്തിയതെന്ന് ആഭ്യന്തര മന്ത്രാലയം അറിയിച്ചു. പൗരന്മാർ അവരുടെ ബാങ്ക് അക്കൗണ്ടുകളോ കമ്പനി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റോ ആർക്കും വിൽക്കുകയോ കൈമാറുകയോ ചെയ്യരുതെന്ന് ഇന്ത്യൻ സൈബർ ക്രൈം കോർഡിനേഷൻ സെന്റർ മുന്നറിയിപ്പ് നൽകി.

**************************************************

## MANDAVIYA RUN FOR UNITY

ന്യൂഡൽഹിയിലെ മേജർ ധ്യാൻചന്ദ് സ്റ്റേഡിയത്തിൽ ഇന്ന് നടക്കുന്ന റൺ ഫോർ യൂണിറ്റിയിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായ്ക്കൊപ്പം കേന്ദ്ര യുവജനകാര്യ കായിക മന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യയും പങ്കെടുക്കും. ഭാരതരത്ന സർദാർ വല്ലഭായ് പട്ടേലിൻ്റെ ജന്മവാർഷികത്തോടനുബന്ധിച്ചാണ് രാജ്യത്തുടനീളം യൂണിറ്റി റൺ സംഘടിപ്പിക്കുന്നത്.

***********************************************

## GOYAL - SAUDI VISIT

കേന്ദ്ര വാണിജ്യ-വ്യവസായ മന്ത്രി പിയൂഷ് ഗോയലിന്റെ രണ്ട് ദിവസത്തെ സൗദി അറേബ്യൻ സന്ദർശനം ഇന്ന് ആരംഭിക്കും. ഇരു രാജ്യങ്ങളും തമ്മിലുള്ള തന്ത്രപരമായ പങ്കാളിത്തം മെച്ചപ്പെടുത്തുന്നത് ലക്ഷ്യമിട്ടുള്ളതാണ് സന്ദർശനം. റിയാദിൽ നടക്കുന്ന എട്ടാമത് ഫ്യൂച്ചർ ഇൻവെസ്റ്റ്മെൻറ് ഇനിഷ്യേറ്റീവ് പരിപാടിയിലും ശ്രീ ഗോയൽ പങ്കെടുക്കും. സന്ദർശന വേളയിൽ സാമ്പത്തിക, നിക്ഷേപ സമിതിയുടെ 2-ാമത് മന്ത്രിതല യോഗത്തിലും കേന്ദ്രമന്ത്രി പങ്കെടുക്കും.

***********************************************

## ELECTION

കേരളത്തിലെ വയനാട് ലോക്സഭാ മണ്ഡലത്തിലും, പാലക്കാട്, ചേലക്കര നിയമസഭാ മണ്ഡലങ്ങളിലും നടക്കുന്ന ഉപതിരഞ്ഞെടുപ്പിനായി സമർപ്പിച്ച നാമ നിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന പൂർത്തിയായി. മണ്ഡലങ്ങളിൽ മുന്നണികൾ പ്രചാരണം സജീവമായി തുടരുകയാണ്. ഈ മാസം 30 ആണ് പത്രിക പിൻവലിക്കാനുള്ള അവസാന തീയതി. അടുത്ത മാസം 13-നാണ് വോട്ടെടുപ്പ്.

***********************************************

## WAYANAD - (INTRO)

നാമനിർദ്ദേശ പത്രികകളുടെ സമർപ്പണം പൂർത്തിയായപ്പോൾ വയനാട് ലോക് സഭാ മണ്ഡലത്തിൽ 16 സ്ഥാനാർത്ഥികളാണ് മത്സര രംഗത്തുള്ളത്. വയനാട്ടിൽ മൂന്ന് മുന്നണി സ്ഥാനാർത്ഥികളും പ്രചാരണം ഊർജ്ജിതമാക്കിയിട്ടുണ്ട്.

**<u>വിശദാംശങ്ങളുമായി ആകാശവാണി വയനാട്</u>**
**<u>ജില്ലാ പ്രതിനിധി അരുൺ വിൻസന്റ്...</u>**
**<u>(വോയിസ്.....)</u>**

************************************************

**<u>MAHARASHTRA –NOMINATION</u>**

മഹാരാഷ്ട്ര-ഝാർഖണ്ഡ് നിയമസഭാ തിരഞ്ഞെടുപ്പിനുള്ള നാമനിർദേശ പത്രിക സമർപ്പിക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും. മഹാരാഷ്ട്രയിലെ 288 മണ്ഡലങ്ങളിലേക്കും ഝാർഖണ്ഡിലെ 38 മണ്ഡലങ്ങളിലേക്കും അടുത്തമാസം 20-നാണ് വോട്ടെടുപ്പ്. 23-നാണ് വോട്ടെണ്ണൽ.

************************************************

**<u>INDIA – NZ WOMEN CRICKET</u>**

അഹമ്മദാബാദിൽ നടക്കുന്ന വനിതാ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ മൂന്നാമത്തെയും അവസാനത്തെയും മത്സരത്തിൽ ഇന്ത്യ ഇന്ന് ന്യൂസിലൻഡിനെ നേരിടും. മൂന്ന് മത്സരങ്ങളുടെ പരമ്പരയിൽ നിലവിൽ ഓരോ മത്സരം വീതം വിജയിച്ച് ഇരു ടീമും സമനിലയിലാണ്. ഉച്ചയ്ക്ക് 1.30-ന് മത്സരം ആരംഭിക്കും.

************************************************

**<u>VVS LAXMAN CRICKET</u>**

ദക്ഷിണാഫ്രിക്കയ്ക്കെതിരെ അടുത്തമാസം ആരംഭിക്കുന്ന ട്വന്റി 20 പരമ്പരയിൽ വിവിഎസ് ലക്ഷ്മൺ ഇന്ത്യൻ ടീമിന്റെ

പരിശീലകനാകുമെന്ന് റിപ്പോർട്ട്. മുഖ്യപരിശീലകനായ ഗൗതം ഗംഭീർ ഓസ്ട്രേലിയയ്ക്കെതിരായ ടെസ്റ്റ് പരമ്പരയ്ക്കുള്ള ഇന്ത്യൻ ടീമിനൊപ്പമായിരിക്കും എന്നതിനാലാണ് ലക്ഷ്മണിനെ പരിശീലക

സ്ഥാനത്തേയ്ക്ക് നിയോഗിക്കുന്നതെന്ന് ബിസിസിഐ വൃത്തങ്ങൾ അറിയിച്ചു. ദേശീയ ക്രിക്കറ്റ് അക്കാദമിയുടെ ഭാഗമായ ലക്ഷ്മൺ മുമ്പ് നിരവധി തവണ ഇന്ത്യൻ ടീമിനെ പരിശീലിപ്പിച്ചിട്ടുണ്ട്. നാല് മത്സരങ്ങളടങ്ങിയ ട്വന്റി 20 പരമ്പര നവംബർ 8 മുതൽ 15 വരെയാണ് നടക്കുക.

**************************************************

## WOMEN HOCKEY

2024-ലെ ഹോക്കി വനിതാ ഏഷ്യൻ ചാമ്പ്യൻസ് ട്രോഫിക്കുള്ള 18 അംഗ ടീമിനെ ഇന്ത്യ പ്രഖ്യാപിച്ചു. അടുത്തമാസം 11 മുതൽ 20 വരെ ബീഹാറിലെ രാജ് ഗിർ ഹോക്കി സ്റ്റേഡിയത്തിലാണ് മത്സരം നടക്കുക. നിലവിലെ ചാമ്പ്യൻമാരായ ഇന്ത്യയെ മിഡ്ഫീൽഡർ സലിമ ടെറ്റെ നയിക്കും.ചൈന, ജപ്പാൻ, ദക്ഷിണ കൊറിയ, മലേഷ്യ, തായ്‌ലൻഡ് ടീമുകളും രംഗത്തുണ്ട്. നവംബർ 11-ന് മലേഷ്യയുമായാണ് ഇന്ത്യയുടെ ആദ്യ കളി.

**************************************************

## DIWALI RESTRICTIONS

കേരളത്തിൽ ദീപാവലി ആഘോഷങ്ങളിൽ നിശബ്ദ മേഖലകളായ ആശുപത്രികൾ, കോടതികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, തുടങ്ങിയവയുടെ 100 മീറ്റർ ചുറ്റളവിനുള്ളിൽ ശബ്ദമുണ്ടാക്കുന്ന പടക്കങ്ങൾ പൊട്ടിക്കാൻ പാടില്ലെന്ന് സർക്കാർ ഉത്തരവ്. ഹരിതപടക്കങ്ങൾ മാത്രമേ സംസ്ഥാനത്ത് വിൽക്കാനും ഉപയോഗിക്കാനും പാടുള്ളൂ എന്നും സർക്കാർ നിർദ്ദേശിച്ചു. ദീപാവലി ആഘോഷങ്ങളിൽ പടക്കം പൊട്ടിക്കുന്നത് രാത്രി 8 മുതൽ 10 വരെയാക്കി നിയന്ത്രിച്ച് സംസ്ഥാന സർക്കാർ നേരത്തെ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

**************************************************

## ADM NAVEEN BABU

കണ്ണൂർ A.D.M ആയിരുന്ന നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് മുൻ കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി. ദിവ്യ നൽകിയ മുൻകൂർ ജാമ്യാപേക്ഷയിൽ തലശ്ശേരി പ്രിൻസിപ്പൽ സെഷൻസ് കോടതി ഇന്ന് വിധി പറയും.

A.D.M മരിച്ച സംഭവത്തിൽ ദിവ്യക്കെതിരേ ആത്മഹത്യാ പ്രേരണക്കുറ്റം ചുമത്തിയാണ് പോലീസ് കേസെടുത്തിരിക്കുന്നത്.

***********************

**********************************

**************************************************